

GVHSS CHERUVANNUR

DIGITAL MAGAZINE

# മിഴിവ്

LITTLE KITES

2022-25



**DILEEPKUMAR K**
**HEADMASTER**

# MESSAGE

പ്രിയ ലിറ്റിൽകൈറ്റ്സ് അംഗങ്ങളെ, അറിവ് സമ്പാദിക്കുന്നതിനുള്ള ഒരു മാധ്യമമായി ഐ ടി യെ മാറ്റുന്നതിലൂടെ ലിറ്റിൽകൈറ്റ്സിന് സ്കൂളിന്റെ സർവ്വതോൻമുഖമായ വളർച്ചയിൽ പ്രധാന പങ്കുവഹിക്കാൻ ഉണ്ട്. സാങ്കേതികതയുടെ ചവിട്ടുപടികൾ ഓരോന്നായി കീഴടക്കാൻ നിൽക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാങ്കേതികത്തികവിന്റെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി മാതൃരാജ്യത്തിന്റെ സർവ്വതോൻമുഖമായ പുരോഗതിയിൽ മുഖ്യ പങ്ക് വഹിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു

# EDITORIAL BOARD

## CREATIVE HEADS



**ANISH JOHN**
**LITTLEKITES MASTER**



**SHINI D**
**LITTLEKITES MISTRESS**

**TYPING**
**EDITING**
**PAGE SETUP**
**LAYOUT**
**IMAGE WORKS**
**COLORING**
**EXPORT AND SHARING**

*TEAM LKCVR 2022-25*

**END COVER IMAGE**

PRAKASH ROSE
DRAWING TEACHER

# എഡിറ്റോറിയൽ

കേരളത്തിലെ ഹൈ-ടെക് സ്കൂൾ വിദ്യാർത്ഥി സമൂഹത്തിൻ്റെ കമ്പ്യൂട്ടർ പരിജ്ഞാനത്തിൽ വിപ്ലവകരമായ മാറ്റം ലക്ഷ്യം വെച്ച് കേരള സർക്കാർ 2018 ജനവരി 22 ന് തുടക്കം കുറിച്ച പദ്ധതിയാണ് ലിറ്റിൽകൈറ്റ്സ് . ഇന്ത്യയിലെ ഏറ്റവും വലിയ ഐ സി ടി കൂട്ടായ്മയായി ഇന്നത് രൂപപെട്ടിരിക്കുന്നു. ആധുനിക ലോകത്ത് ഐ ടി മേഖലയിൽ നടക്കുന്ന അതിനൂതനവും വിപ്ലവകരവുമായ മാറ്റങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടാനും അതിലൂടെ വിദ്യാഭ്യാസത്തിലും ഭാവിയിൽ ജോലിക്കും ഉപകരിക്കുന്ന വലിയ അറിവ് വിദ്യാർത്ഥികളിൽ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യതോടെയാണ് ലിറ്റിൽകൈറ്റ്സ് പ്രവർത്തിക്കുന്നത്.

തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ രൂപീകരിക്കപ്പെടുന്ന ഐ ടി ക്ലബുകളാണ് ഇതിൻ്റെ ഏറ്റവും താഴെതട്ടായി പ്രവർത്തിക്കുന്നത്. സ്കൂൾ തലത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ജില്ലാ തലത്തിലും പിന്നീട് സംസ്ഥാന തലത്തിലും മികവുറ്റ ക്ലാസുകളും പരിശീലനവും നൽകി ഐ ടി മേഖലയിൽ അതിവിദഗ്ദരായ ഒരു തലമുറയെ വാർത്തെടുക്കുക, അതിലൂടെ സംസ്ഥാനത്തിൻ്റെ ഭാവിക്ക് ഇവരെ മുതൽക്കൂട്ടാക്കുക എന്ന ലക്ഷ്യത്തിലേക്ക് നമ്മൾ അതിവേഗം നീങ്ങി കൊണ്ടിരിക്കുകയാണ്.

അതോടൊപ്പം അവരിലെ കലാപരമായ കഴിവുകൾ ഒരു ഡിജിറ്റൽ മാഗസിനിലൂടെ പ്രകാശിപ്പിക്കാൻ അവസരം നൽകുന്നതിൻ്റെ ഭാഗമായി നമ്മുടെ സ്കൂളിൻ്റെ മിഴിവ് എന്ന മാഗസിന് നിങ്ങളിലേക്ക് എത്തുന്നു. അതിലേക്ക് സൃഷ്ടികൾ നൽകിയ മുഴുവൻ വിദ്യാർത്ഥികളും അദ്ധ്യാപകരും അഭിനന്ദനമർഹിക്കുന്നു. സാങ്കേതിക മികവിനൊപ്പം സംസ്കാരിക കൂട്ടായ്മ കൂടി വളർത്തിയെടുക്കുക എന്ന ലക്ഷ്യതോടെ സൃഷ്ടിക്കപ്പെട്ട ഈ എളിയ സംരംഭം എന്നും മാറ്റങ്ങൾ ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്ന ആധുനിക വിദ്യാർത്ഥി സമൂഹത്തിന്റെ മുന്നിലേക്ക് ഞങ്ങൾ വിനയപൂർവ്വം സമർപ്പിക്കുന്നു.കാഴ്ചയുടെ ഒരു പുതു വസന്തവും വായനയുടെ മറ്റൊരു തലവും പ്രദാനം ചെയ്യുന്ന ഇതിലെ രചനകൾ സ്ക്രൈബസ് സോഫ്റ്റ്‌വെയറിൽ ചിട്ടപ്പെടുത്തിയിട്ടുള്ളതാണ്.

*TEAM LKCVR 2022-25*

# താളുകളിൽ

ഉപദേശങ്ങൾ കണ്ണുമടച്ചു സ്വീകരിക്കുന്നത് നല്ലതാണോ ? ......... 6
കൗമാരം: കരുത്തും കരുതലും ........... 7

സർ ഐസക് ന്യൂട്ടൺ ............... 9

THE HIDDEN VAMPIRE ............. 10
ഓണത്തിന്റെ വരവുകൾ ............ 11

JOHN AND MATER ............. 12

WORLD IS A MIRROR ............. 13
ഞാൻ ............ 14

ഊട്ടിയിലേക്ക് ഒരു യാത്ര ............ 15

വിയർപ്പിൻ സുഗന്ധം ............ 16

हिंदी दिवस ............. 19



SHINI D
LITTLE KITES MISTRESS

# ഉപദേശങ്ങൾ കണ്ണുമടച്ചു സ്വീകരിക്കുന്നത് നല്ലതാണോ ?

ഏത് ഉപദേശവും അതിന്റെ കൂടെ നമ്മുടെ ലോജിക്കും ചേർന്ന് നടപ്പിലാക്കുമ്പോൾ മാത്രമേ വിജയിക്കൂ. ചുറ്റുപാടുകൾ സസൂക്ഷ്മമായി നിരീക്ഷിക്കുന്നവരിലേ ആരുടേയും ഉപദേശം സ്വീകരിച്ചു വിജയിപ്പിക്കാൻ പറ്റൂ.

രാമദാസന് രണ്ട് മക്കളായിരുന്നു. രാജനും പ്രേമനും. പഠിക്കാൻ കഴിവ് കുറഞ്ഞ മക്കൾ രണ്ട് പേരും പത്തിൽ തോറ്റുപോയി. മക്കൾ ജോലിയും കൂലിയും ഇല്ലാതെ അലഞ്ഞു നടക്കുന്ന സമയത്തു രാമദാസൻ അസുഖം വന്നു കിടപ്പിലായി. നല്ല ജോലിയൊന്നും മക്കൾക്ക് കിട്ടില്ല എന്നറിയുന്ന രാമദാസൻ മക്കളെ രണ്ട് പേരെയും അരികിൽ വിളിച്ചു രണ്ട് പേർക്കും രണ്ട് ലക്ഷം വീതം നൽകിയിട്ടു പറഞ്ഞു. "അച്ഛനിനി അധികകാലം ഉണ്ടാവില്ല. നിങ്ങൾ ഇത് കൊണ്ട് എന്തെങ്കിലും ബിസിനസ് തുടങ്ങുക. തുടങ്ങുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. നല്ല ആൾ സഞ്ചാരം ഉള്ളിടത്ത് കുറഞ്ഞ വാടകക്ക് കടയെടുത്തു കച്ചവടം തുടങ്ങണം"

അച്ഛന്റെ ഉപദേശം മനസ്സിൽ വെച്ച് രണ്ട് പേരും കട അന്വേഷണം തുടങ്ങി. ധാരാളം ആളുകൾ പോകുന്ന സ്ഥലത്ത് രാജൻ പത്തായിരം രൂപ വാടകക്ക് കടയെടുത്തു. പ്രേമൻ ഇതിന് തയ്യാറായില്ല. കുറഞ്ഞ വാടകക്ക് കട അന്വേഷിച്ച പ്രേമന് അയ്യായിരം രൂപക്ക് ഒടുവിൽ കട കിട്ടി. രണ്ട് പേരും അച്ഛനരികിലെത്തി കാര്യങ്ങൾ പറഞ്ഞപ്പോൾ അച്ഛൻ പ്രേമനെ അഭിനന്ദിച്ചു. ധാരാളം ആളുകൾ കടന്നു പോകുന്ന സ്ഥലത്തു തന്നെയല്ലേ കട എന്ന് അച്ഛൻ ഒരിക്കൽ കൂടി ചോദിച്ചു.
രണ്ട് പേരും കച്ചവടം തുടങ്ങി.
രാജന് നല്ല കച്ചവടം ലഭിച്ചു.
പ്രേമന് തീരെ കച്ചവടമില്ല.

അച്ഛന്റെ ഉപദേശം ഒരേ പോലെ കേട്ട പ്രേമന് മാത്രം എന്ത് കൊണ്ട് കച്ചവടമില്ല. രണ്ട് പേരും ധാരാളം യാത്രക്കാർ കടന്നുപോകുന്ന സ്ഥലത്തു തന്നെയാണ് കച്ചവടം തുടങ്ങിയത്. രാജൻ റോഡ് സൈഡിലും പ്രേമൻ റെയിൽ സൈഡിലും. പ്രേമൻ ഉപദേശം മാത്രമേ കേട്ടുള്ളൂ. ചുറ്റുപാടുകൾ നിരീക്ഷിച്ചു സ്വന്തമായി ചിന്തിച്ചില്ല.



**LIBINA K**
**SCHOOL COUNSELOR**

# കൗമാരം: കരുത്തും കരുതലും

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണ് കൗമാരം . കുട്ടിപ്രായത്തിൽ നിന്ന് പ്രായപൂർത്തിയായി യൗവനത്തിലേക്ക് പ്രവേശിക്കുന്നത് കൗമാരത്തിലൂടെയാണ് . വ്യക്തിയുടെ തനത് സ്വഭാവ സവിശേഷതകളും കഴിവുകളും പൂർണത പ്രാപിക്കുന്നതും കൗമാരത്തിലാണ് . കൂടാതെ ജീവിതത്തിലെ ഏറ്റവും ആസ്വാദ്യകരമായ കാലയളവും കൗമാരമാണ് . അതുകൊണ്ടു തന്നെ ആരോഗ്യവും ആനന്ദവും നിറഞ്ഞ കൗമാരം വ്യക്തിവികാസത്തിന് അനിവാര്യമാണ്.

കൗമാരക്കാർ നേരിടുന്ന പ്രശ്നങ്ങൾ അസ്തിത്വവുമായി ബന്ധപ്പെട്ടതാണ് . താനൊരു കുട്ടിയാണോ അതോ മുതിർന്ന വ്യക്തിയാണോ എന്ന് തീർത്തു പറയാനാകാതെ വിഷമിക്കുന്നത് സാധാരണമാണ് . ഇതു തമ്മിലുള്ള വൈരുദ്ധ്യം പല കുഴപ്പങ്ങളും ഉണ്ടാക്കുന്നു . ശാരീരികവും മാനസികവുമായ ത്വരിത വളർച്ച ഉണ്ടാക്കുന്നത് വർദ്ധിച്ചതോതിൽ സ്രവിക്കപ്പെടുന്ന ഹോർമോണുകളാണ്. പ്രത്യേകിച്ച് സ്ത്രീ പുരുഷ ലൈംഗിക ഹോർമോണുകൾ . നിർഭാഗ്യവശാൽ ഇതേ ഹോർമോണുകൾ പലതരത്തിലുള്ള ബുദ്ധിമുട്ടുണ്ടാക്കുന്നു . സ്വഭാവ പെരുമാറ്റ രീതികൾക്കും കാരണമാകുന്നു . ചെറിയ കാര്യങ്ങൾക്ക് പോലും സന്തോഷിക്കുക, അതുപോലെതന്നെ സങ്കടപ്പെടുക,പെട്ടെന്ന് ദേഷ്യപ്പെടുക,ദേഷ്യം വന്നാൽ പൊട്ടിത്തെറിക്കുക ഇവയെല്ലാം കൗമാരത്തിൽ സാധാരണമാണ്.

കൗമാരക്കാരുടെ മാനസികപ്രശ്നങ്ങൾ സാധാരണയായി കാണുന്നത് ശ്രദ്ധകുറവ്,ഓർമക്കുറവ് എന്നെല്ലാം വിളിക്കാവുന്ന ( അറ്റൻഷൻ ഡെഫിസിഡ് ) അമിതോത്സാഹവും ഊർജ്ജത്തള്ളിച്ചയും ഉണ്ടാക്കുന്ന ഹൈപ്പർ ആക്റ്റിവിറ്റി,പലവിധ പഠനവൈകല്യങ്ങൾ , ലഘു മാനസിക രോഗങ്ങളായ ന്യൂറോട്ടിക് വിഭാഗത്തിൽപ്പെടുന്ന ഉത്കണ്ഠ, ആകാംക്ഷ ,പരീക്ഷാപ്പേടി , ആത്മവിശ്വാസകുറവ് , വിഷാദം , പെരുമാറ്റവൈകല്യങ്ങൾ എന്നീ അസുഖങ്ങൾ ഏതൊരു കൗമാരത്തെയും നരകതുല്യമാക്കും . ഇവയെ തുടക്കത്തിൽ തിരിച്ചറിഞ്ഞ് ആവശ്യമായ മാനസിക പിന്തുണയും ചികിത്സയും ഉറപ്പുവരുത്താൻ കൗൺസിലിംഗ് സേവനങ്ങൾ എല്ലാ സ്കൂളുകളിലും അനിവാര്യമാണ്.

അഡിക്ഷൻ ഓരോ ചുവടിലും കൗമാരക്കാരെ കാത്ത് പതിയിരിക്കുന്ന മറ്റൊരു മാറാവിപത്താണ് . അഡിക്ഷൻ എന്ന അടിമത്തം . പുകയില, മദ്ധ്യം , മറ്റു മയക്കുമരുന്നുകൾ എന്നിവയെല്ലാം അടിമത്തം ഉണ്ടാക്കുന്നു . ഇത്തരം ശീലങ്ങൾ ഒരു ജീവിതത്തെ തന്നെ ഇരുളടഞ്ഞതാക്കും . പ്രത്യക്ഷത്തിൽ ഇത്രയും ഭീതി ജനിപ്പിക്കാത്ത എന്നാൽ ഇതിനേക്കാൾ ഏറെ നാശം വിതക്കുന്നവയാണ് പുതുതലമുറയുടെ അടിമത്തങ്ങൾ . മൊബൈൽ , ടി.വി , കമ്പ്യൂട്ടർ , ടാബ് , ഇന്റർനെറ്റ് എന്നിങ്ങനെ പോകുന്നു . പലവിധം ഗെയിമുകളിലെ അമിതമായ അഭിതമമാണ് ഇതിൽ മുഖ്യം ഇത്തരം ശീലങ്ങൾക്ക് അടിമപ്പെടുന്നവർ ഊണും ഉറക്കവും പോലും മാറ്റിവെച്ച് അത്രമാത്രം ഇതുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് പുറമേ ഇത്തരക്കാരിൽ കുറഞ്ഞ പാഠ്യനിലവാരവും മറ്റുള്ളവരുമായി ഇടപഴകാനുള്ള വിമുഖതയും വെറെയും പ്രശ്നനങ്ങൾ ഉണ്ടാകുന്നു ക്രമേണ അത് മാനസിക വൈകല്യമായി മാറുന്നു .

കുട്ടികളിൽ കാണുന്ന പഠന വൈകല്യങ്ങൾ , ലഘുമാനസിക പ്രശ്നങ്ങൾ , ശ്രദ്ധക്കുറവ് , ഓർമ്മക്കുറവ് , പെരുമാറ്റവൈകല്യങ്ങൾ കൃത്യമായ കൗൺസിലിംഗിനും ആവശ്യമെങ്കിൽ വിദഗ്ദ്ധ ചികിത്സക്ക് വിധേയമാണ് . കാരണം ഇവ പ്രത്യക്ഷമായി കുട്ടിയുടെ പഠനത്തെയും പരോക്ഷമായി അവരുടെ വ്യക്തിവികാസത്തെയും ബാധിക്കുന്നു. മാത്രവുമല്ല ഇവയിൽ പലതും കുട്ടി മുതിർന്ന് കഴിയുമ്പോൾ ചികിത്സിച്ചു മാറ്റാൻ കഴിയാത്ത സ്ഥായിയായ അസുഖങ്ങളായി മാറുകയും ചെയ്യുന്നു. ഇന്റർനെറ്റ്,മൊബൈൽ,കമ്പ്യൂട്ടർ,ടിവി തുടങ്ങിയവ നിയന്ത്രിക്കേണ്ടത് പരമ പ്രധാനമാണ്.നിയന്ത്രിക്കാൻ സാധിക്കാതെ വരുകയാണെൻകിൽ ഒരു കൗൺസിലറുടെ സേവനം തേടുക.

പഠിത്തം,വിശ്രമം,ആഹാരം,ഉറക്കം,വിനോദം എന്നീ അഞ്ച് കാര്യങ്ങളുടെ ആകെ തുകയാണ് നിങ്ങളുടെ ജീവിതം ഇതിൽ പറഞ്ഞ എല്ലാ കാര്യങ്ങളും അത്യാവശ്യമാണ്. ശരിയായ വണ്ണം പോഷകമുള്ള ആഹാരം കഴിക്കുക, രാത്രിയിൽ ആവശ്യത്തിന് ഉറങ്ങുക,പഠിത്തം,കളികൾ എന്നിവക്കിടയിൽ ആവശ്യത്തിന് വിശ്രമം എടുക്കുക.മാനസിക വിനോദങ്ങൾ പോലെതന്നെ കായിക വിനോദങ്ങളും ഒരു കുട്ടിക്ക് ആവശ്യമാണ്.

നല്ല കൂട്ടുകാരെ തിരഞ്ഞെടുക്കുക.മദ്യം, പുകവലി, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നവരുമായി കൂട്ടുകൂടാതിരിക്കുക.മറ്റു ചീത്ത പ്രവൃത്തികളിൽ നിന്ന് ഏർപ്പെടുന്നവരിൽ നിന്ന് വിട്ടുനിൽക്കുക.ഓർക്കുക നിങ്ങൾ ആരെയും ഭയപ്പെടേണ്ടതില്ല.സത്യവും ധൈര്യവുമാണ് സ്വാതന്ത്രത്തിലേക്കുള്ള ചവിട്ടുപടികൾ. ആരോഗ്യവും ആനന്ദവും നിറഞ്ഞ ഒരു ജീവിതമാണ് കൗമാരം,അത് നിങ്ങളുടെ അവകാശമാണ്. അത് നേടിയെടുക്കുക നിലനിർത്തുക.

**'ഞങ്ങൾ നിങ്ങൾക്കൊപ്പമുണ്ട്'**



# സർ ഐസക് ന്യൂട്ടൺ

FATHIMA SHENZA K
9 B

ഭൗതികശാസ്ത്രത്തിൽ നിരവധി കണ്ടുപിടിത്തങ്ങൾ നടത്തിയ സർ ഐസക് ന്യൂട്ടനെ നമുക്കെല്ലാവർക്കുമറിയാം.എന്നാൽ ഒരു ഗണിതശാസ്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രസക്തി പലർക്കും അപരിചിതമായിരിക്കും ഇതിന് പ്രധാന കാരണക്കാരൻ ന്യൂട്ടൺ തന്നെയാണ്. ഒരു ഗണിതശാസ്ത്രജ്ഞൻ എന്ന നിലയിൽ അറിയപ്പെടുന്നതിന് ഒട്ടും താൽപര്യം കാണിക്കാതിരുന്ന ആളായിരുന്നു അദ്ദേഹം. ആധുനിക കാലത്തെ ഗണിതത്തിന്റെ വളർച്ചയിൽ ന്യൂട്ടന്റെ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.



1842 ലെ ക്രിസ്തുമസ് ദിനത്തിലാണ് ന്യൂട്ടൺ ജനിച്ചത്. ഇംഗ്ലണ്ടിലെ ലങ്കാശെയറിലുള്ള വുൾസ് തോർപ്പാണ് ജനനസ്ഥലം. അദ്ദേഹത്തിന്റെ ജനനത്തിന് ഏതാനം മാസം മുമ്പ് പിതാവ് മരിച്ചിരുന്നു. മാസം തികയുന്നതിന് മുമ്പാണ് ന്യൂട്ടണെ പ്രസവിച്ചത് . കുഞ്ഞു ജീവിക്കുമെന്ന് ഡോക്ടർമാർപോലും കരുതിയില്ലെങ്കിലും പ്രതിബന്ധങ്ങളെല്ലാം തരണം ചെയ്ത് ആ കുഞ്ഞ് വളർന്നു അമ്മയുടെ രണ്ടാം വിവാഹത്തെ തുടർന്ന് മുത്തശ്ശിത്തൊപ്പമാണ് മൂന്ന് വയസ്സു മുതൽ വളർന്നത് ഏഴ് കൊല്ലത്തിന് ശേഷമാണ് അമ്മയുടെ സാമിപ്യം പൂർണ്ണമായും ന്യൂട്ടണ് കിട്ടുന്നത്. ജന്മസ്ഥലത്തും പരിസര പ്രദേശത്തുമായിരുന്നു പ്രാഥമിക വിദ്യാഭ്യാസം.

ഏകാകിയായി കഴിഞ്ഞുകൂടാൻ കഷ്ട്പ്പെട്ട ഒരു പാവം കുട്ടിയായിരുന്നു ന്യൂട്ടൺ. പഠനകാര്യങ്ങളിൽ വലിയ ശ്രദ്ധയില്ലാതെ നടന്ന കാലത്തുണ്ടായ ഒരു സഭവം വലിയ മാറ്റത്തിന് കാരണമായി. ക്ലാസിലെ കൂട്ടുകാരനുമായുണ്ടായ വഴക്കിനെ തുടർന്ന് മർദ്ദനം ഏൽക്കേണ്ടി വന്നു. പൊതുവെ ആരോഗ്യമില്ലാത്ത ന്യട്ടണ് കൈക്കരുത്തുകൊണ്ട് നേടാനാവാത്തത് ബുദ്ധിശക്തി കൊണ്ട് നേടാമെന്ന തോന്നലുണ്ടായി. പഠനത്തിൽ കൂടുതൽ ശ്രദ്ധ നൽകി. സ്കൂളിൽ ഒന്നാമനായി. ഒഴിവുസമയങ്ങളിൽ വ്യത്യസ്തങ്ങളായ ഉപകരണങ്ങളുടെ മാതൃക ഉണ്ടാക്കലായിരുന്നു ഇക്കാലത്തെ പ്രധാന വിനോദം. ജോതിശാസ്ത്ര പണ്ഡിതനായ ഹാലിയുടെ നിരന്തരമായ സമ്മർദ്ദത്തെ തുടർന്ന് തന്റെ കണ്ടത്തലുകൾ പ്രസിദ്ദീകരിക്കുവാൻ ന്യൂട്ടൻ തയ്യാറായി പ്രിൻസിപ്പിയ മത്തമാറ്റിക്ക എന്ന പുസ്തകം ശാസ്ത്ര ലോകത്ത് അന്നും ഇന്നും അനിവാര്യമായ റഫറൻസ് പുസ്തകമായി വർത്തിക്കുന്നു ഗണിതശാസ്ത്യത്തിൽ ന്യൂട്ടൻ അനിതരസാധരണമായ ഗവേഷണപാടവം ഉണ്ടായിരുന്നു ന്യൂട്ടന്റെ സമകാലികനായ ജർമൻ ഗണിതശാസ്ത്രജ്ഞനായ ലീബ്നീയസ് അന്ന് ജീവിച്ചിരുന്ന പ്രശസ്തരായ ഗണിതഗവേഷകരുടെ മുൻപിൽ ഒരു ഗണിതപ്രശ്നം അവതരിപ്പിച്ചു . പ്രശ്നത്തിന് കൃത്യമായ ഉത്തരം കണ്ടത്താൻ പല ഗവേഷകർക്കും കഴിഞ്ഞില്ല. എഴുതിയ ആളിന്റെ വിലാസം രേഘപ്പെടുത്താത്ത ഒരു കത്ത് ലിബ്നിയസിന് ലഭിച്ചു പ്രശ്നത്തിന്റെ കൃത്യമായ ഉത്തരമായിരുന്നു കത്തിൽ വിലാസം എഴുതാത്ത കത്ത് ന്യൂട്ടന്റെതാകുമെന്ന് ഉറപ്പിച്ചു പറയാൻ ലിബ്നീയസിന് കഴിഞ്ഞു ഭൗതിക ശാസ്ത്രജ്ഞൻ എന്ന നിലയിൽ ന്യൂട്ടന്റെ സംഭാവനകൾ ഒഴിവാക്കി ശാസ്ത്രചരിത്രം ഉണ്ടാവില്ല.

1667ൽ കേംബ്രിഡ്ജിൽ ഗണിതശാസ്ത്ര പ്രൊഫസറായി ചുമതല ഏറ്റതോടെ ഗണിതവുമായി ബന്ധപ്പെട്ട ഏറെ കണ്ടത്തലുകൾ നടത്തുന്നതിന് അദ്ദേഹത്തിന് അവസരം ലഭിച്ചു . ഗണിതത്തിന്റെ എല്ലാ മേഖലകളിലുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഗവേഷണ പ്രബന്ധങ്ങൾ പുറത്തിറങ്ങിയിരുന്നു. ദെക്കാർത്തെ രണ്ട് പേജ് ചുരുക്കുവാൻ പ്രയാസപ്പെട്ട ഒരു ഗണിതസിദ്ധാന്തം രണ്ട് വരികളിൽ അവതരിപ്പിക്കുവാൻ ന്യൂട്ടൻ കഴിഞ്ഞു . ഗണിതസിദദ്ധാന്തങ്ങൾ വിശദീകരിക്കുവാൻ അദ്ദേഹത്തിനുണ്ടായ അസാധാരണമായ ആവിഷ്കാര പാടവത്തിന് ഉദാഹരണമാണിത് ഒരു ഗണിതശാസ്ത്രജ്ഞനായി അറിയപ്പെടാൻ ആഗ്രഹിക്കാത്ത ഈ മഹാപ്രതിഭ ഗണിതശാസ്ത്രജ്ഞന്മാരുടെ പട്ടികയിൽ മുൻപന്തിയിലാണ് . 1727മാർച്ച് 31ന് അന്തരിക്കുന്ന ദിനം വരെ ശാസ്ത്രത്തിന്റെ വളർച്ചയ്ക്കും ഉയർച്ചക്കും സർ ഐസക് ന്യൂട്ടൻ അഹോരാത്രം ജോലി ചെയ്തു.



# THE HIDDEN VAMPIRE

IYO TOTTO
5A


There once was a girl named Katelyn. She was about to turn sixteen in twentyth June. But there was one thing about herself that she didn't know...... that she was about to turn into a vampire.

It was June nineteenth katie was sleeping she was hav ing a very horrific nightmare. It was dusk. There was a big, dark cloud in the sky and there were mysteriously cloaked figures, lurking in the shadows of the dark cloud. One of the figures saw her and started to move towards her.Suddenly a wild fire started to spread. Katie woke up, breathing shakily. And telling herself that it was a dream she went back to sleep.

Next morning when katie woke up she was startled to see that she was floating in the air with her with her blanket over her. When she started to panic, she suddenly fell down.This was a new experience for Katie but she de cided to keep this to herself, also because today was her birthday and didnot want to panic anyone. Talking of birthday it was a good birthday for Katie. Next day Katie was getting ready for school and was cheking her hair. Sud denly she saw that she had grown fangs somehow. Right then she doubted if she was turning into a vampire.

Because she has read so much about vampires and knew she was in the young vampire's stage. But to know wheth er she is a vampire she made a small paper cut on her hand and when she saw the blood she started thirsty.

So she covered the wound with a bandage and went to school. In her school there was one more Vampire. But they didnot know each other. The other vampire was a boy and his name was Nathaniel. On sports day a kid got hurt when he was running and Katelyn and Nathaniel saw that each other's eye go red. So Katie went  and asked the boy if he was a vampire too and he said yes. Soon they both became good friends and called themselves the hid den vampires, going around making trouble. But they still lived happily.



VAIGA MURALI
6 A

# ഓണത്തിന്റെ വരവുകൾ

കേരളത്തിൽ ആഘോഷിക്കപ്പെടുന്ന ഏറ്റവും വലിയ ഉത്സവങ്ങളിൽ ഒന്നാണ് ഓണം . ഇതാ വിളവെടുപ്പിന്റെ ഉത്സവം കൂടി ആണ്.

ഈ വാർഷികോറിയൻ കലണ്ടറിൽ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും മലയാള കലണ്ടറിൽ ചിങ്ങമാസത്തിലുമാണ് വരുന്നത്.

ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റെ പിറന്നാൾ ആണ് ചിങ്ങമാസത്തിലെ തിരുവോണം നാൾ എന്നാണ് വിശ്വാസം.

ഇതേ സമയത്ത് മഹാബലിയുടെ ഭരണത്തിന്റെ ഓർമ്മയ്ക്ക് കൂടിയാണ് ഈ ആഘോഷം കൊണ്ടാടുന്നത് എന്ന് കരുതിപ്പോരുന്നു. ലോകത്തിൻറെ നാനാഭാഗത്തുമുള്ള മലയാളികൾ ജാതിമത ഭേദമന്യേ ഈ ഉത്സവം ആഘോഷിക്കുന്നു.

ഓണം സംബന്ധിച്ച് പല ഐതിഹ്യങ്ങളും ചരിത്ര രേഖകളും നിലവിൽ ഉണ്ടെങ്കിലും അത്യന്തികമായി ഒരു വിളവെടുപ്പ് അഥവാ വ്യാപാരോത്സവം ആണെന്ന് കരുതിപ്പോരുന്നു. അത്തം കറുത്താൽ ഓണം വെളുക്കും എന്നത് ഒരു ഓണച്ചൊല്ലു കൂടിയാണ്. ഇതേപോലെ ഒരുപാട് കഥകളുണ്ട് ഓണത്തിന്.





# JOHN AND MATER

NIJAD
8 A

Once upon a time, there lived a kid named John. He was passionate about becoming a good merchant just like his father. His father was wealthy. John had a best friend whose name was Mater after a long time. John and Mater became adults they were no longer just kids as John dreamed of becoming a rich merchant his best friend Mater also shared the same dream of becoming a rich merchant they both lended money from John's father and made a crew as John as the captain and Mater as the sidemen of the captain.

John and Mater was Exporting speical spices only found in their country and selling it to outside world in high rate . They found the buissness really well going till one day they were lost in the sea as they couldnt find the way to the next island they sailed through the seas for months there food was emptied they even had a moment they had to drink sea water instead of normal water and catch big fishes from sea and grill them in the woods taken from there ship after one or two months they reached at ashore they sold all the things they could sell which was on there ship they continued the journey back to home country but in between the journey they forgot they didnt have food as many crew members died of starving.

After they reached home docks they parked the ship and fell asleep in the ship itself because of their tiredness. Their whole money was stolen by a gang they had no choice but ask john's father for more money and his father lended the money but this time with interest back. The crew got ready to board the ship John and Mater didn't go with the crew as the crew was said to lost in the sea and John and Mater didn't have any money and became the beggers of the country.

Moral of the story:- Plan out everything before entering the job



HIDANYA P
9 B

# WORLD IS A MIRROR

Once there was a museum in which in which there was a room which was made of mirrors. Its wall, roof and even the floor was made of mirrors.

One day caretaker of that museum forget to lock the backdoor, which lead directly to the mirror room. A dog was roaming near that musuem and by mis take entered the room.When dog was in middle of the room, saw its own reflection and thought that a whole pack of dogs surrounding him from all sides.

Seeing this dog got scared and started to bark at reflections. Dog could see all the reflections barking at him in same way and because of mirrors dog echo back after hitting at mirror and got magnified.

Frightened by it dog started to bark frantically. Next morning when musuem guard entered the hall, he found the lifeless body of the dog. There was no one to harm that dog, yet it died fighting at its own reflection.



AYISHA NAFIHA T
9 D

# ഞാൻ

ഞാൻ  ഞാൻ മാത്രമാണ്
എതിരെയും നേരെയും ആയി
ചുറ്റും ഒരായിരം നാവുകൾ കാണാം
എങ്കിലും....
എന്നിലെ നന്മയും തിന്മയും
ഞാൻ മാത്രമാണ്



MISHAHIRA
9 E

# ഊട്ടിയിലേക്ക് ഒരു യാത്ര

യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു. ഇത്തവണ ക്രിസ്തുമസ് അവധിയ്ക്കാണ് ടി.വി യിലും യൂടൂബിലും മാത്രം കണ്ടിരുന്ന ഊട്ടിയിലേക്ക് ഒരു യാത്ര പോയത് ഞാനും എന്റെ കുടുംബവും ബന്ധുക്കളും ഉൾപ്പെടെ ഒമ്പത് പേരടങ്ങുന്ന സംഘവുമായി ഒരു ഇന്നോവ കാറിലായിരുന്നു ഞങ്ങൾ ഡിസംബർ 25 ന് പുലർച്ചെ 4മണിക്ക് ഊട്ടി ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടത്. ഞാൻ കാറിന്റെ ജനാലക്കരികെ തന്നെ സീറ്റ് പിടിച്ചു .

പുതിയ വയലറ്റ് ഉടുപ്പ് ആയിരുന്നു ഞാൻ ധരിച്ചിരുന്നത്. എല്ലാവരും സ്വെറ്ററും മറ്റു കമ്പിളി കുപ്പായങ്ങളും കയ്യിൽ കരുതിയിരുന്നു. മനോഹരമായ പൈൻ മരങ്ങൾക്കിടയിലൂടെ വളഞ്ഞു പിരിഞ്ഞ ചുരങ്ങൾ കയറി കാർ മുന്നോട്ട് നീങ്ങുംബോൾ തണുപ്പ് കൂടി വരുന്നതായി എനിക്ക് അനുഭവപ്പെട്ടു.

പിന്നീട് ഞങ്ങൾ എത്തിച്ചേർന്നത് ഊട്ടിയിലെ ഷൂട്ടിംഗ് കുന്നിലായിരുന്നു.പിന്നീട് ഊട്ടി താടകത്തിലെത്തി, തടാകക്കരയിൽ പലവിധ വിനോദങ്ങളിലും കാഴ്ച്ചകളിലും ബോട്ട് സവാരിയിലും ഞങ്ങൾ ഏർപ്പെട്ടു. പിന്നീട് മിനി തീവണ്ടിയിൽ തടാകക്കരയിലൂടെയുള്ള യാത്ര ഞങ്ങൾ നന്നായി ആസ്വദിച്ചു.

പിന്നീട് ഞങ്ങൾ പോയത് ഊട്ടിയിലെ പ്രശസ്തമായ തേയില കമ്പനി കാണുവാനാണ് ഊട്ടിയിൽ ഏറ്റവും കൂടുതൽ ആളുകളെ ആകർഷിക്കുന്ന ബോട്ടാണിക്കൽ ഗാർഡനിലേക്ക് ആണ് തേയില കമ്പനിയിൽ നിന്നും മലയിറങ്ങി ഞങ്ങൾ പോയത് അവിടെ കറങ്ങിയും ഫോട്ടോകളെടുത്തും ഞങ്ങൾ ആ ദൃശ്യഭംഗി ആസ്വദിച്ചു.

തണുപ്പിന്റെ കാഠിന്യം കൊണ്ട് ഞങ്ങൾ വേഗം വീട്ടിലേക്ക് യാത്ര തിരിച്ചു തിരികെയുള്ള യാത്ര യിൽ ഞാൻ ഉറങ്ങി, ഉറക്കത്തിൽ നിന്ന് ഉണർന്നപ്പോൾ വീട്ടിലെത്തിയിരുന്നു.





FATHIMA SHENZA K
9B

# വിയർപ്പിൻ സുഗന്ധം

ചലിക്കുന്ന തൂലിക തുമ്പാൽ
കുറിക്കുന്നു ഞാനാ വ്യക്തിയെ..
വെയിലെന്നോ മഴയെന്നോ
ഇല്ലാതെയെന്നും
ജീവിതത്തോട് പൊരുതുന്ന വ്യക്തി..
സ്വന്തം ചോര നീരാക്കി വിയർപ്പ്
കണങ്ങളെ കാറ്റിൽ പറത്തി എൻെ
ആശകളെല്ലാം പൂവണിയിച്ച വ്യക്തി..
സുഖമോ ദുഃഖമോ ഉയർച്ചയോ താഴ്ചയോ
എല്ലായിടത്തും ചിരിച്ച് തന്റെ
സ്നേഹത്തിലൂടെയെന്നെ തലോടിയ വ്യക്തി..
ഒഴിവ്യവേളകളെ ഉല്ലാസമാക്കി,
തീൻമേശയിലെ കൂട്ടുകാരനായി നേരിന്റെ
വഴി കാട്ടിയെന്നെ സ്വപ്നം കാണാൻ
പഠിപ്പിച്ച വ്യക്തി..
ഓടിട്ട നാല് ചുവരുകൾക്കുള്ളിലും എന്റെ
വീടിനെ കൊട്ടാരമാക്കിയ വ്യക്തി..
നഷ്ടപ്പെട്ട വിദ്യാഭ്യാസത്തിന്റെ മൂല്യം,
എന്നെ പഠിപ്പിച്ച വ്യക്തി..
എന്റെ ചുണ്ടിൽവിരിയുന്ന ഓരോ
പുഞ്ചിരിക്കും കാരണമാണാ വ്യക്തി..
വിയർപ്പിന്റെ സുഗന്ധമാണാ വ്യക്തി..
അതാണെന്റെ പ്രിയപ്പെട്ട
ഉപ്പയെന്ന മഹാസത്യം





**ARJUN R**
**8 C**



**HUDA RASHEED**
**9 B**



Huda Rasheed V.T
9 B



NAJA FATHIMA
8 C

# हिन्दी दिवस

## कविता

हिन्दुस्तान की भाषा हूँ मे, हिन्दी मेरा नाम
देश के हर एक कोने मे, होता मुझसे काम ।
हर एक व्यक्ति की जुबान पर, नाम हूँ मेरा आज
बना दिया है सबने मुझको, भारत के सर का ताज ।।

**आप सभी लोगों को हिन्दी दिवस की**

**बहुत बहुत शुभकामनायें ।**

LITTLEKITES

# KEY STROKES AND MOUSE CLICKS.....



# TEAM LKCVR 2022-25



അറിവ് പകർന്ന്
കൂടെ നിന്ന
അധ്യാപകർക്ക്
ആത്മാർത്ഥമായി
സഹകരിച്ച
സഹപാഠികൾക്ക്

# നന്ദി